

# ഇതളുകൾ

## ഡിജിറ്റൽ മാഗസിൻ

ജിഎച്ച്എസ്എസ് കൊടുവള്ളി 2022

## ഉള്ളടക്കം


എഡിറ്റോറിയൽ ബോർഡ്..........3
.. ആമുഖം ..........4
ആശംസകൾ..........6
ആശംസകൾ..........7
_HONESTY_..........9
ഉണർത്തുപാട്ട്..........10
ഒറ്റക്കൊരു പെൺകുട്ടി..........11
കവിത - അണ..........12
SPC യൂണിറ്റ്..........13
_HUMANITY_..........14
SOUL..........15
ഓർമ്മച്ചെപ്പിൽ നിന്ന്..........16
ജെ ആർ സി..........17
--പൊട്ടിയകളിപ്പാട്ടം------..........18
പ്രകൃതി സൗന്ദര്യം..........20
__പ്രഭാതം__..........21
പ്രഹേളിക..........22
യജമാനത്തി..........23
വീട്ടിലൊരു കൃഷിപാഠം..........26
സ്നേഹം..........27
IN A TRAIN ON A RAINY DAY..........28
ലിറ്റിൽ കൈറ്റ്സ് പ്രധാന പ്രവർത്തനങ്ങൾ..........29
...ഹാപ്പി മദേർസ് ഡേ..........30
കവിത..........31
QUOTES ABOUT TECHNOLOGY..........32
അപ്പുവിന്റെ പെങ്ങൾ..........33
അപൂർണം..........36
വരകളിലൂടെ..........37
2020-2023 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ..........41
നന്ദി..........43

## എഡിറ്റോറിയൽ ബോർഡ്

ഷില്ലു ജാസ്

സിയാ കെ

ഫാത്തിമ ഫർഹാന എവി

ഫാത്തിമ ഫഹ്മിതാ വി കെ

റിധാ ഫാത്തിമ ടി കെ

ഫാത്തിമ ലിൻഷാ ടി കെ

ഫാത്തിമ ഷിഫാ എം

സന ഷർബി

നജ ഫാത്തിമ

മിൻ ഹ ഫാത്തിമ

ദിൽ ഫ ഫാത്തിമ പി

മുഹമ്മദ് അസ്ലാദ്

മുഹമ്മദ് സിയാ ജ്

അതുൽ രാജേഷ്

**.. ആമുഖം ...**

എന്തിനെയും ഏതിനെയും കൗതുകത്തോടെ നോക്കിക്കാണുന്ന കൗമാര മനസ്സുകൾക്ക് ഏറെ പറയാനുണ്ട്. അവരുടെ ഹൃദയത്തുടിപ്പുകൾ ആണ് ഒരു വീടിൻെറ , വിദ്യാലയത്തിന്റെ,നാടിൻെറ ജീവനായ് മാറുന്നത്. ഈ ഒരു അധ്യായന വർഷത്തിന്റെ ഏറിയ പങ്കം സൗഹൃദത്തിന്റെ പങ്കുവെക്കലുകൾ നഷ്ടപ്പെട്ട ഓൺലൈനിൽ തുലയ്ക്കപ്പെട്ടുവെങ്കിലും തുടിക്കുന്ന ഹൃദയങ്ങളിൽ തുളുമ്പി വന്ന ചിന്തകൾ ഓരോന്നും കഥയായും കവിതയായും വർണ്ണങ്ങളായും വരികളായും കിനി ഞ്ഞിറങ്ങി. അതെല്ലാം ഒപ്പിയെടുത്ത കൂട്ടുകാരുടെ ഹൃദയം മന്ത്രങ്ങളെ ഒരു ചെപ്പി ലൊതുക്കാനും ആ ചെപ്പിനുള്ളിലെ അതി വിശാലമായ ലോകം ഈ സമൂഹത്തിനു മുന്നിൽ തുറക്കാനും മുന്നിട്ടിറങ്ങിയിരിക്കുകയാണ്, നമ്മുടെ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ.

കൗമാര മനസ്സുകൾ ഇവിടെ വാചാലം ആകുന്നു. ഏതു പ്രതിസന്ധിയിലും അവർ തളർന്നു പോകാതിരിക്കാൻ കൂടെ നിൽക്കുന്ന ഗുരുക്കന്മാരുടെ മനസ്സുകളും ഇവിടെ തുറക്കപ്പെടുന്നു.

എന്നും എല്ലാ മേഖലയിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കൊടുവള്ളി ജി.എച്ച്.എസ്.എസ് ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ തയ്യാറാക്കിയിരിക്കുന്ന ഈ പുസ്തകം ഏറ്റവുമധികം വായിക്കപ്പെട്ട, വായനക്കാരനെ ഹൃദയസ്പർശിയുമാക്കുന്നതുമാവട്ടെ!.



ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ് . ഈ ക്ലബ്ബിൽ ഇലക്ട്രോണിക്സ്, ആനിമേഷൻ ,ഹാർഡ് വെയർ ,റോബോട്ടിക്സ് തുടങ്ങിയ വിവിധ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നു. ഈ മേഖലകളിൽ മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്ന നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഈ മാഗസിന് കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കാൻ സാധിക്കട്ടെ . ഇതിനുവേണ്ടി പ്രവർത്തിക്കുന്ന എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആശംസകൾ നേരുന്നു.

ഗീത പി

ഹെഡ്മിസ്ട്രസ്

ജിഎച്ച്എസ്എസ് കൊടുവള്ളി.

**ആശംസകൾ**



ഈ ഹൈടെക് യുഗത്തിൽ നമ്മുടെ കുട്ടികളുംവിവര സാങ്കേതിക വിദ്യയിൽ മുന്നേറുന്നതിൽ വളരെ സന്തോഷം. അക്കാദമിക മികവിനൊപ്പം സാഹിത്യത്തിൻ്റേയും കലകളുടേയും ഉള്ളറകളിലൂടെ മനുഷ്യ സംസ്കാരം കണ്ടെത്താൻ വിദ്യാർത്ഥികൾക്ക് കഴിയണം. ഇതിന് അവസരം നല്കുന്ന ഒരു സംരംഭമാണ് GHSS കൊടുവള്ളിയിലെ ലിറ്റിൽ കൈറ്റിൻ്റെ e -മാഗസിൻ. ഇതിന് പിന്നിൽ പ്രവർത്തിച്ച വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ.

ഈ ഡിജിറ്റൽ മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

ദീപ്തി ടി
ടീച്ചർ
ജിഎച്ച്എസ്എസ് കൊടുവള്ളി.

## ആശംസകൾ



**നമ്മുടെ വിദ്യാലയത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ് സ് ക്ലബ് . പ്രസ്തുത ക്ലബ്ബിന്റെ കർമ്മോത്സാഹികളായ കുട്ടികളുടെ കഴിവുറ്റ എഡിറ്റോറിയൽ ബോർഡിന്റെയും നേതൃത്വത്തിൽ ഈ വർഷം നിർമ്മിക്കുന്ന ഇ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.**

യൂസഫ് സി. കെ.

ടീച്ചർ

ജിഎച്ച്എസ്എസ് കൊടുവള്ളി.

# ആശംസകൾ



വിവരസാങ്കേതികവിദ്യ അതിന്റെ ഉന്നതിയിൽ എത്തി നിൽക്കുന്ന ഈ സമയത്ത് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഈ മാഗസിൻ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സൗമിനി പി
ടീച്ചർ
ജിഎച്ച്എസ്എസ് കൊടുവള്ളി.

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



**2020-2023 ബാച്ച്**



# _HONESTY_

## Moral Story

There was a farmer who was selling a pound of butter to a baker, on daily basis. One day the baker decided to weight the butter to see if he was getting the right amount. When he weighted the butter he got to know that he was not getting proper amount. Angry about this, he took the farmer to court.

The judge asked the farmer "If he was using any measure to weight the butter".

The farmer replied "Honour, lam primitive. I don't have a proper measure, but l do have a scale".

The judge asked, "How do you weight the butter?"

The farmer explained, “Your Honour, every day the baker buys butter from me and I buy bread loaf from him. So, every day when the baker brings his bread loaf, which weighs 1 Kg, I put it on the scale. Then I put the butter on the scale to match the weight of the butter. I give the baker the same weight in butter as he gives me bread loaf. So, it is not my fault. It is actually the baker’s fault.”

By, Sana sherin.k. **9B**

## ഉണർത്തുപാട്ട്

കൊടുവള്ളി എന്നൊരു നാടുണ്ടേ
ആ നാടിന് പൊന്നിന്നഴകുണ്ടേ
ആ മൊഞ്ചിന് മാറ്റുകൂട്ടാൻ
മലകൾ പുഴകൾ പലതുണ്ടേ
ആ മലയുടെ ഓരത്തായ്
ആ പുഴയുടെ തീരത്തായ്
കൊടുവള്ളിH s എന്നൊരു വിദ്യാലയമുണ്ടേ
അക്ഷരവിത്തുകൾ നട്ടുനനച്ചി-
ട്ടറിവിൻ നന്മക്കതിരുകൾ കൊയ്യാ-
നാവിദ്യാലയമതിലനവധി
വിദ്യാർത്ഥികളുണ്ടേ
അനുപമ സുന്ദര സുരഭിലമാക്കാനാ വിദ്യാർത്ഥികളുടെ കൂടെ
അധ്യാപകരുണ്ടേ
എല്ലാരും ചേർന്നീ നാടിന് ചന്തം ചേർക്കും
എന്നാളും അറിവിൻ കൈത്തിരിവെട്ടം തീർക്കും

**- കാവ്യ പൂർവംഷൈജ ടീച്ചർ**

## ഒറ്റക്കൊരു പെൺകുട്ടി

സമയം പതിനൊന്നിനോടടുത്തു കാണും. നഗരം ശൂന്യം അവൾ തെരുവിലെ വിളക്കിനു താഴെ കാല്മുട്ടുകൾക്കിടയിൽ മുഖം പൂഴ്ത്തിയിരിക്കുന്നു. കൂട്ടിനവളുടെ നിഴൽ മാത്രം. അവൾ തലയുയർത്തി നോക്കിയപ്പോൾ ചുറ്റുമുള്ള വീടുകളിലെ വിളക്കുകളോരോന്നായി അണയുന്നു. കുറച്ച് മാറി ഇറച്ചി കടയിലെ മാലിന്യം തിന്നുന്ന ഒരു പറ്റം നായകൾ.ഇലകൾ പതിയെ കാറ്റിലാടുന്നു. ഇതിനിടെ എപ്പോയോ അവളൊന്ന് മയങ്ങി.

ഇടക്കവൾ ഞെട്ടിയുണർന്നപ്പോൾ 3 നോടടുത്ത് കാണും. അതാ ഒരു മധ്യവയസ്കൻ തനിക്കെതിരെ നടന്നു അടക്കുന്നു. തെരുവുവിളകിന്റെ വെട്ടമല്ലാതെ മറ്റു വെളിച്ചമൊന്നും ഇല്ല.
അയാൾ തന്നെ ലക്ഷ്യം വെച്ചാണ് വരുന്നതെന്നറിഞ്ഞവൾ  ഓടാൻ തുടങ്ങി നിക്കെടി കൊച്ചേ എന്നൊക്ക പിറകിൽ നിന്ന് കേട്ടെങ്കിലും അവൾ തിരിഞ്ഞു നോക്കിയില്ല ഓടി ക്ഷീണിച്ച അവൾ ഓട്ടം നിർത്തി.
തിരിഞ്ഞുനോക്കിയപ്പോൾ.ദാരാളം മദ്യമകത്താക്കിയതിനാൽ അയാൾക്ക് നടക്കാൻ പോലും കയ്യുന്നുണ്ടായിരുന്നില്ല. പെട്ടെന്നു തന്നെ അവൾ ഒരു കടക്കുപിന്നിലേക് മറഞ്ഞു നിന്നു പേടിച്ചു വിറച്ചവൾ ചിന്തിച്ചു. അയാൾ മദ്യം മെന്ന വിഷം അകത്താക്കിയിരുന്നെങ്കിൽ അയാൾ തന്നെ പിടിച്ചേനേ അവൾ അറിയാതെ മദ്യത്തെ ഒരുനിമിഷം സ്തുതിച്ചു മദ്യമില്ലായിരുന്നുവെങ്കിൽ ഞാൻ നശിച്ചേനേ....
പിറ്റേന്ന് നേരം വെളുത്തപ്പോൾ കാണുന്ന പുരുഷന്മാരെയെല്ലാം തെരുവുനായയായി തോന്നി തുങ്ങി അവൾക്. തെരുവുപെണ്ണിന്റെ നൊമ്പരം ആരും  കാണാൻ ഇല്ല  ആർക്കാണ് എല്ലാത്തെരുവും പെണ്ണിനെയും സംരക്ഷിക്കാൻ കഴിയുക .അങ്ങനെയും   ചില ജന്മങ്ങൾ.....

**സിയ കെ 9d**

# കവിത - അണു

കൂട്ടിലടച്ചൊരു കിളി ചോദിക്കുന്നു
അടച്ചു പൂട്ടിട്ടകത്തിരിക്കും സുഖമറിഞ്ഞില്ലേ?
പിടിച്ചു നിർത്തിയ പുഴ ചോദിക്കുന്നു
ഒഴുക്കു നിന്നാൽ ജീവിത മിങ്ങനെ കുഴങ്ങി നിൽക്കില്ലേ?
തട്ടിനിരത്തിയ മല ചോദിക്കുന്നു
മണ്ണിട്ടു നികത്തിയ വയൽ ചോദിക്കുന്നു
എങ്ങനെയിങ്ങനെ മാനവരെല്ലാം നല്ലവരായെന്ന് :
ചെറിയൊരണുവിനുപോലും നമ്മെ പിടിച്ചു നിർത്താനായല്ലോ!
ഏറി വരുന്നൊരഹങ്കാരത്തെ
തടഞ്ഞു നിർത്താനായല്ലോ
വലിയവനെന്നോ ചെറിയ വനെന്നോ
ഉള്ളവനോ ഇല്ലാത്തവനെന്നോ
ഭേദമിതണുവിനതില്ലല്ലോ
പകപോക്കൽ മതമാത്സര്യങ്ങൾ
തടഞ്ഞു മുന്നേറുന്നല്ലോ!
പ്രതിരോധത്തിൻ മതിലുകൾ തീർക്കാം പതിയെ മുന്നേറാം
അകന്നു നിൽക്കാം അറിവുകൾ പകരാം
ശുചിത്വ ശീലം തുണയാക്കീടാം
മുന്നേറീ ടാം നന്മകൾ പകരാം

**നല്ലൊരു നാളെ പുലർന്നീടാൻ**

## എസ് പി സി യൂണിറ്റ്

കൊടുവള്ളി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ എസ് പി സി യൂണിറ്റിന്റെ ഉത്ഘാടനം 27/2/2020 വ്യാഴം 4 മണിക്ക് ബഹുമാനപ്പെട്ട എം ൽ എ ശ്രീ കാരാട്ട് റസാക്ക് സാർ നിർവ്വഹിച്ചു. സമൂഹത്തിന്റെ നാനാ തുറകളിൽ പെട്ട വിശിഷ്ട വ്യക്തിത്വങ്ങളും നാട്ടുകാരും അദ്ധ്യാപകരും വിദ്യാർത്ഥികളും അണിനിരന്ന ഉത്ഘാടന ചടങ്ങ് നാടിന്റെ ഉത്സവമായി .ശിങ്കാരമേളത്തിന്റെയും ബാന്റ് വാദ്യങ്ങളുടെയും അകമ്പടിയോടെ സ്കൂളിലെ ജെ ആർ സി, ഗൈഡ്സ്, റോഡ് സുരക്ഷ അംഗങ്ങളും ഘോഷയാത്രക്ക് മിഴിവേകി. ഏറെക്കാലത്തെ ആഗ്രഹത്തിനും കാത്തിരിപ്പിനും ഒടുവിൽ അനുവദിച്ചു കിട്ടിയ എസ് പി സി യൂണിറ്റിന്റെ സുഗമായ പ്രവർത്തനങ്ങൾക്ക്, കോവിഡ് മഹാമാരി ഒരു വില്ലനായി എന്നാലും ഓൺലൈൻ ക്ലാസ്സുകളിൽ കേഡറ്റുകൾ സജീവമായി പങ്കെടുത്തു. ഓൺലൈൻ കലോത്സവം ഓൺലൈൻ ക്വിസ് മത്സരം തുടങ്ങിയവയിൽ പങ്കെടുത്ത് വിദ്യാർത്ഥികൾ ജില്ലാമത്സരങ്ങളിൽ പ്രതിനിഘം അറിയിച്ചു. എസ് പി സി കമ്മ്യൂണിറ്റി പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വിഷയങ്ങളിൽ കേഡറ്റുകൾക്ക് ഓൺലൈൻ ഇൻഡോർ ക്ലാസുകൾ നൽകാൻ സാധിച്ചു

ജീവധാര പദ്ധതിയുടെ ഭാകമായി രക്തദാനത്തിന് സന്നദ്ധരായ കേഡറ്റുകളുടെ രക്ഷിതാക്കളുടെ വിവരങ്ങൾ ശേഖരിച്ചു കൈമാറി. ശിശുദിനത്തോടനുബന്ധിച്ച് ചിൽഡ്രൻസ് ഹോമിലെ അന്തേവാസികൾക്ക് പഠനോപകരണങ്ങൾ എസ് പി സികേഡറ്റുകളുടെ നേതൃത്വത്തിൽ ശേഖരിച്ചു നൽകി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തെ നടൽ, പരിപാലനം എന്നിവയുടെ പ്രാധാന്യത്തെ കുറിച് ഗ്രീൻ ക്ലീൻ കേരള പ്രൊജക്റ്റ് കോഡിനേറ്റർ ഇക്ബാൽ സർ കുട്ടികൾക്ക് ക്ലാസുകൾ നൽകി. വിദ്യാർത്ഥികൾക്ക് പല തരം വൃക്ഷത്തൈകൾ വിതരണം ചെയ്തു. പരിപാടിയുടെ ഉത്ഘാടനം മുൻസിപ്പൽ ചെയർമാൻ അബ്ദുൾ വെള്ളറ നിർവഹിച്ചു ക്രിസ്തുമസ് അവധിക്കാല ക്യാമ്പ് 31/12 , 1/1 എന്നീ രണ്ടു ദിവസങ്ങളിലായി വിവിധ പരിപാടികളോടെ വിജയകരമായി പ്രവർത്തീകരിച്ചു. കേഡറ്റുകൾക്ക് പരേഡ് പി ടി തുടങ്ങി വിവിധ വിഷയങ്ങളിൽ ക്ലാസുകൾ എന്നിവ നൽകി. കേഡറ്റുകളും രക്ഷിതാക്കളും പങ്കെടുത്ത് കലാപരിപാടികളോടെ ക്യാമ്പ് അവസാനിച്ചു.

# _HUMANITY_

Once a father and son, went to the temple. Suddenly, son shouted after seeing the pillars of lion at the entrance of the temple.

"Run dad, or those lions will eat us".

Dad consoled him by saying .

"They are just statues and wont harm us".

Son replied, "If those lion statues won't harm us them how could statues of God give us blessings". On hearing this, the father wrote in his diary....

"I am still speechless on my child's reply and have started searching for God in humans instead of statues. I didn't find God, but l found"

By, Sana sherin.k
**9B**

## SOUL

"Iam going alone today
Searching for your fragrance"
Craving for your love,
And Iam going away
Because of you.
'One day I saw you
And I list myself'
This is how beautiful you've
Stitched my life.
I was being somewhere
But I was not disturbed,
Because you have changed me.
As if you are my world.
The time when you leave me.
It becomes like a riddle for me.
My life travel with you
What's the reason that
My travel has ended?
Your eyes which have lied
Is attacking me now.
"Iam going alone today
Searching for your fragrance"

**ATHUL RAJESH :9C**

## ഓർമ്മച്ചെപ്പിൽ നിന്ന്

ഒരിക്കൽ ഒരു ഗുരുവിനോട് ശിഷ്യൻ ചോദിച്ചു.

"അങ്ങ് ഇന്ന് പഠിപ്പിച്ചതിൻറ് സാരാംശം എന്താണ്".

ഗുരു തിരിച്ച് ഒരു ചോദ്യം ചോദിച്ചു.

" മണൽ കൊണ്ട് കൂടാരമൊരുക്കുന്ന കുട്ടിയുടെ ചിന്തയെന്താണ്".

ശിഷ്യൻ പറഞ്ഞു.

" ആ ശിൽപി എന്നെന്നും അങ്ങനെ നിലനിൽക്കുമെന്നാണ് ,ആ ശിൽപ്പിയെ തിരയെടുക്കുമെന്നറിയില്ല" .

ഗുരു: "നിങ്ങളുടെ മക്കളിൽ ഒരാളെ നഷ്ടപ്പെട്ടാൽ നിങ്ങളുടെ അവസ്ഥയെന്തായിരിക്കും".

ശിഷ്യൻ:ഞാൻ തകർന്ന് പോകും

ഗുരു: ജേഷ്ഠൻറ് മക്കളിലൊരാളായാലോ.

ശിഷ്യൻ: അത്രതന്നെ വിഷമിക്കില്ല.എന്നാലും പ്രയാസം തോന്നും .

ഗുരു:അപ്പോൾ അയൽവാസിയുടേയോ.

ശിഷ്യൻ: അന്ന് ചെറിയ ദുഃഖം തോന്നും പിന്നെ മറക്കും.

ഗുരു:ഇന്ന് പഠിച്ചതത്രേയുള്ളൂ...

ദുഃഖം അത് ബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് .അതിൻറ് ത്രീവ്രത.

shilu jas
**9.D**

## ജെ ആർ സി

2021-22 ജൂൺ 5 പരിസ്ഥിതി ദിനം ആചരിച്ചു. ജെ ആർ സി കാഡറ്റുകൾവീടുകളിൽ തൈകൾ നട്ടു കൊണ്ടാണ്പരിസ്ഥിതി ദിനം ആചരിച്ചത്. തുടർന്നു ജൂലൈ 1 വേൾഡ് ഡോക്ടേഴ്സ് ഡേ പോസ്റ്റർ തയ്യാറാക്കി കൊണ്ടാണ് ആണ് ആചരിച്ചത്.

കോവിഡ് മഹാമാരിയുടെ കാലത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ജെ ആർ സി കേഡറ്റുകൾക്ക് പങ്കെടുക്കാനായി എന്നത് അഭിമാനാർഹമായ നേട്ടം തന്നെയാണ് .ജെ ആർ സി കേഡറ്റുകളിൽ നിന്നും കൗൺസിലർമാരിൽ നിന്നും സ്വരൂപിച്ച തുക ഉപയോഗിച്ച് സി എച്ച് സി യിലേക്ക് പി പികിറ്റുകളും മാസ്കും സാനിറ്റൈസറുകളും നൽകി.

ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് നടന്ന പ്രസംഗമത്സരത്തിൽ 7A യിലെ മുഹമ്മദ് സഹൽ എന്ന കുട്ടിക്ക് ഒന്നാം സ്ഥാനം കിട്ടി.

കൂടാതെ ജെ ആർ സി കേഡറ്റുകൾക്കായി 12/ 2/ 22 ന് നമ്മുടെ സ്കൂളിൽ വച്ച് സെമിനാർ നടത്തുകയുണ്ടായി. ജി എച്ച് എസ് എസ് പന്നൂർ ,ജി എച്ച് എസ് എസ് നരിക്കുനി, കെ എം ഒ എച്ച് എസ് , എന്നീ സ്കൂളുകളിലെ പത്താം തരത്തിലെ കുട്ടികൾ പങ്കെടുക്കുകയുണ്ടായി .സെമിനാറിൽ ആതിഥേയരാവാൻ നമുക്ക് കഴിഞ്ഞു എന്നുള്ളത് സന്തോഷകരം തന്നെ. അതുപോലെതന്നെ എല്ലാ സ്കൂൾതല പ്രവർത്തനങ്ങളിലും ജെ ആർ സി കേഡറ്റുകളും പങ്കാളികൾ ആകാറുണ്ട്.

**JRC unit**

**G. H. S. S koduvally**

## --പൊട്ടിയകളിപ്പാട്ടം------

ഓട്ട വീണ കരിംബട ത്തിനുള്ളിലൂടെ മഴയുടെ തണുത്ത കരങ്ങൾ അപ്പുവിനെ അസ്വസ്ഥനാക്കി കൊണ്ടിരുന്നു. അമ്മയുടെ വയറിന്റെ ഇളം ചൂടിനെ കുറിച്ച് ഓർത്തപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.അൽപ്പമകലെ കടയുടെ വരാന്തയിൽ തന്റെ കുഞ്ഞുങ്ങളെ സ്നേഹത്തോടെ പാലൂട്ടുന്ന പടി , അമ്മ അവനെ വാത്സല്യത്തോടെ നോക്കി .

'AC' ഓഫാക്കേണ്ട ; കിച്ചുവിന് അത് ഇഷ്ടമല്ല.

തെന്നിമാറ്റിയ ബ്ലാങ്കറ്റ് അവന്റെ ദേഹത്തേക്ക്ഒന്നുകൂടെ കയറ്റി ഇട്ടുകൊണ്ട് മമ്മി ഡാഡിയോട് പറയുന്നത് കിച്ചു പാതിമയക്കത്തിൽ കേട്ടു.
ബിഗ് ടെഡി ബിയറിനെ ഒന്നുകൂടെ ചേർത്ത് പിടിച്ച് അവൻ കിടന്നു.

അല്ല.....! ഇന്ന് ആക്രിപെറുക്കാൻ പോവാനില്ലേ.....
നാണുവേട്ടന്റെ സ്ഥിരം ചോദ്യം അപ്പുവിനെ ഇന്നും ഓണർത്തി . അദ്ദേഹത്തിന്റെ കരുണ യാണ് അന്തിയുറങ്ങാൻ ചായ്പ്പിലെ ഈ ഇത്തിരി സ്ഥലം.

'പഴയ സാധനങ്ങൾ ഉണ്ടോ......പഴയത്.....'

ഇരുമാളിക വീടിന്റെ ഗേറ്റിൻ  ഇരുമ്പഴികളിലൂടെ തല നീട്ടി   അവൻ നീട്ടി  അവൻ ഉറക്കെ വിളിച്ചു ചോദിച്ചു. കാർ കഴുകി കൊണ്ടിരുന്ന ആൾ അത് കേട്ട ഭാവം ഇല്ല. അപ്പു വീണ്ടും ആവർത്തിച്ചു.

പഴയത് ഉണ്ടോ ...... പഴയത്.....

നാശം . . . . ! അയാൾ പിറുപിറുത്തുകൊണ്ട് അകത്തേക്ക് പോയി.

അൽപ്പസമയത്തിനകം അയാൾ ഒരു വലിയ ചാക്കിൽ എന്തൊക്കെയോ കൊണ്ടു വന്നു. അവിടെ നിന്നാ...മതി . അപ്പുവിന് നേരെ കർശനമായ താക്കീതോടെ കൈ ഉയർത്തി അയാൾ പറഞ്ഞു. ഇതു കൂടി കൊടുത്തോളൂ.....

കൊലായിൽ നിന്ന് കിച്ചു അയാൾക്ക് നേരെ എന്തൊ നീട്ടി .
വേഗം എടുത്ത് സ്ഥലം വിട്ടോ.അയാൾ ചാക്കിൽ ഉള്ളത് അപ്പുവിന്റെ മുന്നിൽ ചെരിഞ്ഞു.
പൊട്ടിയതും , ഉപേക്ഷിക്കപ്പെട്ടതും ആയ വസ്തുക്കൾ ഇവയാണ് തന്റെ പ്രതീക്ഷ.

ഓ.....! മറന്നു. കിച്ചു കൊടുത്ത കളിപ്പാട്ടം അയാൾ കൂട്ടത്തിലേക്ക് എറിഞ്ഞു.

മറ്റൊന്നും അപ്പു എടുത്തില്ല. കുഞ്ഞിനെ മാറോട് ചേർത്ത് നിൽക്കുന്ന കൈ മുട്ട് അൽപ്പം പൊട്ടിയ ,നിറം മങ്ങിത്തുടങ്ങിയ ആ 'അമ്മ കളിപ്പാട്ടം' .
അത് മാത്രം അവൻ നെഞ്ചോടു ചേർത്തു നടന്നു.

**- LEYA . M T**



## പ്രകൃതി സൗന്ദര്യം

പ്രകൃതി സൗന്ദര്യം എന്ന് പറയുമ്പോൾ നമ്മൾ പുറത്തേക്ക് ഒന്ന് നോക്കും.

അതല്ലാതെ പ്രകൃതി എന്താണെന്ന് നമ്മൾ കണ്ടിട്ടില്ല .

സത്യത്തിൽ ഒരു അമ്മയുടെ കഥാപാത്രം വഹിക്കുകയാണ്

പ്രകൃതി. സ്നേഹം ലാളന സൗഹൃദം സന്തോഷം അങ്ങനെ ഒരുപാട് പ്രകൃതിയുടെ

മുഖങ്ങൾ നമ്മൾ കാണുന്നു.

ഒരു അമ്മ നമ്മളോട് ദേഷ്യപ്പെടും പോലെ പ്രകൃതിയും നമ്മളോട് ദേഷ്യപ്പെടാറുണ്ട്.

പ്രകൃതിയുടെ സൗന്ദര്യം നമ്മൾ മനുഷ്യർ ശരിക്കും കാണുന്നില്ല എന്നതാണ് സത്യം.

സസ്യങ്ങളിലും ജീവജാലങ്ങളിലും പ്രകടമാകുന്ന ലാളിത്യവും സ്നേഹവും

മനസ്സിലാക്കാതെ പോവുന്നതാണ് മനുഷ്യൻ ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹം

സൂര്യൻ മഞ്ഞു മലകളെ തൊട്ടുണർത്തി ചിരിപ്പിച്ചു വരുന്നത് കാണാൻ

ആഗ്രഹിക്കാത്ത പ്രകൃതിസ്നേഹികൾ ഇല്ല .കൊടും വരൾച്ച ഉരുൾപൊട്ടൽ പ്രളയം

എന്നിങ്ങനെയുള്ള ദുരന്തങ്ങൾ സംഭവിക്കുന്നതിനുള്ള കാരണം നമ്മൾ തന്നെയാണ്.

പ്രകൃതിയുടെ പാഠങ്ങൾ തിരിച്ചറിഞ്ഞു കാഴ്ചപ്പാടുകളിലും പ്രവർത്തികളിലും

ആവശ്യമായ തിരുത്തലുകൾ വരുത്തുക



**Fathima Farhana 9c**

## പ്രഭാതം

ഏതൊരു പ്രഭാതത്തിൽ എൻ ദൃഷ്ടികൾ നീണ്ടു വീടിനു പുറത്തേക്ക്.

കൊന്നപ്പൂ പോലെ വിരിഞ്ഞു നിൽക്കും സൂര്യൻ ഉണ്ടോ ഇതെന്തൊരു

ചന്തം .

ആരെയോ കാത്തു നിൽക്കും പോലെ മുക്കുറ്റിയും മുല്ലയും വിടർന്നു നിന്നു.

രത്നങ്ങൾ പോലെ തിളങ്ങി നിൽക്കും ഹിമ മുത്തുകളെ ഞാൻ മെല്ലെ

തട്ടി കുയിലിൻറെ യും കുരുവി യുടെയും കാക്കയുടെയും കോഴിയുടെയും

രാഗത്താൽ മൂട്ടും ഉത്സവമാണോ ഈ പുലരി നേരം.

പൂക്കളെയും പൂമ്പാറ്റകളെയും പുഴുക്കളെയും പുൽച്ചാടി കളെയും

പുഞ്ചിരിയോടെ ഞാൻ ഒരു നിമിഷം നോക്കിനിന്നു ഇളം കാറ്റിൻറെ

കുളിരായി ഞാൻ വീണ്ടും നിന്നെ വരവേൽക്കാൻ എത്തും പ്രഭാതമേ......

ഫാത്തിമ ഫർഹാന **9C**



## പ്രഹേളിക

എന്നരികത്തിരുന്നാരോ ചൊല്ലിടുമ്പോൾ മന താരിൽ തോന്നുവതല്ലോ....
മാർഗ ദർശിയായ് നേർ വഴി പോയിടാൻ..
ആ മൃദ്യ മന്ത്രണത്തിൽ പ്രേരണയാൽ
വിഷസർപ്പങ്ങൾ നിറഞ്ഞ പാതകൾ  താണ്ടി മുന്നോട്ട് കുതിക്കുന്ന ഞാനും
പാതിവഴിയിൽ പതച്ച നിൽക്കാതെ
പാതകാളേറെ ഞാനോടി ത്തളർന്നിട്ടും,
ഏകയാണറിയാമതെങ്കിലും തന്നെ
ചെറുപ്പമെന്ന്   നിനച്ച്
ഞാനീനാളിലും  തളരാതെ....!
ചെയ്യുന്ന മാനതാരിലെപ്പോഴും മലർമഴ  വീശുന്ന
അകതാരിലെപ്പോഴും കുളിർക്കാറ്റ്    നടക്കുന്ന  നിർഭയം പാറി പറന്നിതാ
ആർപ്പു  വിളിക്കുന്ന മനം നില വാനോളം
വർഷത്തിലൊരിക്കലെങ്കിലും...
മെത്തീടുമെന്ന  പ്രതീക്ഷയിലാരെയോ
കാതോർക്കുന്ന ഞാ നെഞ്ചുമെ...
ഭാരമില്ലാത്തൊരു  ആത്മാവുമായിന്ന്
വഞ്ചിയിലേറി  തുഴയില്ലാതലയുന്ന
തീരമേ നീയെന്നതും
പ്രഹേളിക  പോൽ എന്നിൽ.......

Surena Kundoor-HST MATHEMATICS

**യജമാനത്തി**

കിഴക്കു തെ ങ്ങോലകളെ ത ഴുകിയെത്തിയ കുളിർ കാറ്റ്
അവൾക്കിത്തിരി കുളിർ സമ്മാനിച്ചു.അവൾ
ജനലയികളിൽ നിന്നും കൈകൾ വിടുവിച്ച് ,അടുക്കളയിലേക്ക് നടന്നു.
"ജാനകീ അവിയലിനു പച്ചക്കറി നുറുക്കിയാ" "ഇല്ല,നറിക്കി ത്തരാം
തമ്പുരാട്ടി ".
പുറത്തുനിന്നും നാരായണൻ നാൽക്കാലികങ്ങളോട് കുശലം
പറയുന്നത് കേൾക്കാം...
പാറുക്കുട്ടിയമ്മ ധൃതിയിൽ അടുക്കളയിൽ നിന്നും പുറത്തുപായി.ഇപ്പാൾ
അവൾ അടുക്കളയിൽ തനിച്ചായി.പാറുക്കുട്ടിയമ്മ ഉമ്മറത്തു നിന്നും
പിറുപിറുത്ത് മുറ്റത്തേക്കിറങ്ങി കാലിതൊയുത്ത് ലക്ഷ്യം വെച്ച് നടന്നു.
"നീയിവിടെ കന്നുകാലികങ്ങളോട് കുശലം പറഞ്ഞിരിക്കാ"
പാറുക്കുട്ടിയമ്മ അൽപ്പം  ഈർഷ്യത്താടെ പറഞ്ഞു.ക്ഷമാപണ
രൂപത്തിൽ നാരായണൻ  തലകുനിച്ചു.
"നീ , കവലയിൽ പോയി അൽപ്പം വെളിച്ചെണ്ണ വാങ്ങീവാ.."
"അങ്ങിനെ തെന്നെ ചെയ്യാമേ"
നാരായണൻ കവലയിലേക്ക് പോയപ്പാൾ പാറുക്കുട്ടിയമ്മ
കോലായപടിയിൽ ളുണ് ചാരിയിരുന്ന് വെറ്റില മുറുക്കി തുടങ്ങി.
ഈ സമയമാക്കെയും ജാനു  തന്റെ ചിന്തകളിൽ മുഴുകി.അൽപ്പ
സമയത്തിനു ശേഷം നാരായണൻ എണ്ണയുമായി
മടങ്ങിയെത്തിപറഞ്ഞു.
"ഇന്നാ ,വെളിച്ചെണ്ണ . പശുനെ തീറ്റിക്കാൻ വൈകി " .

ഇതും പറഞ്ഞയാൾ ധൃതിയിൽ അടുക്കള വിട്ടു നടന്നു.അവൾ ചോർ വാർത്ത് ,പാത്രം കഴുകി കമിഴ്ത്താൻ തുടങ്ങി.

മുറ്റത്തെ മുല്ലയുടെ പരിമണം കാറ്റിൽ പകർന്നു...

പാറുക്കുട്ടിയമ്മ നീട്ടിയൊന്ന് തുപ്പി .ഇലകളിൽ രക്ത കറ പുരണ്ടു..അവർ സാവധാനത്തിൽ നടന്ന്

അടുക്കളയിലെത്തി.

"ഭക്ഷണം ആയോ ?എനിക്കിപ്പോൾ വിശപ്പില്ല.നല്ല ക്ഷീണമുണ്ട് ഞാൻ അൽപ്പം കിടക്കട്ടെ..നീയ്യ് തിന്ന് കുളിക്കാൻ പോയിക്കാ".

"ഭക്ഷണം ആയി .കണിയാനെ വരുത്താലോ?"."വേണ്ട കിടന്നാൽ തീരുന്ന പ്രശ്നങ്ങളെ നിക്കുള്ളൂ.."അവർ എന്താക്കെയാ പിറുപിറുത്ത് മുറിയിൽ പോയി.അവൾ കുളികടവിലെത്തിയപ്പാൾ ശാന്തു തുണികൾ മുക്കിയെടുക്കുകയായിരുന്നു. അവളെ കണ്ടപ്പോൾ ശാന്തു ചുവന്ന പല്ലുകൾ കാട്ടി ചിരിച്ചു. "എന്തേ.. ഇന്ന് നേരത്തേയാണല്ലാ"അവൾ ഒരു പുഞ്ചിരി പകരമായി നൽകി. കുളിക്കാനിറങ്ങി .ഏതാണ്ട് അര മണിക്കൂർ കഴിഞ്ഞവൾ വീട്ടിലേക്ക് നടന്നു.വീട്ടിലെത്തിയപ്പാൾ നല്ല ക്ഷീണം. അവൾ നിലത്ത് പായ വിരിച്ച് കിടന്നു.ക്ഷീണം കൊണ്ടാ എന്തൊ അവൾ പെട്ടെന്ന് മയക്കത്തിലേക്ക് ചാഞ്ഞു.

വൈകിട്ട് അപ്പുറത്തേ വീട്ടിലേ ശാന്ത വന്നപ്പാഴാണവൾ ഉണർന്നത്. അവൾ പെട്ടെന്ന് ചായക്ക് വെള്ളം അടുപ്പിൽ വെച്ചു,നാമം ചൊല്ലാൻ പാറുക്കുട്ടിയമ്മയെ ഉണർത്താൻ ചെന്നു.എത്ര കുലുക്കി വിളിച്ചിട്ടും അവർ മിഴി തുറന്നില്ല. അവർ മൃതിയടഞ്ഞുവെന്നവൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല അവൾ അലറി കരഞ്ഞു. അവളുടെ കരച്ചിൽ കേട്ട് നാരായണനും മറ്റ് ജാലിക്കാരുമോടിയെത്തി.പെട്ടെന്ന് വീട് ജനം

കൊണ്ട് തിങ്ങിനിറഞ്ഞു. ആരോ അറിയിച്ച കാണും പാറുക്കുട്ടിയുടെ മക്കൾ എവിടെ നിന്നോപൊട്ടിമുളച്ചു.അവൾ ഓർത്തു, പലപ്പാഴും പാറുക്കുട്ടിയമ്മ മക്കളെ കാണാൻ കൊതിച്ചിരുന്നു.

എല്ലാ ഓണത്തിനും വിഷുനും അവർ മക്കൾക്കായി സദ്യ ഒരുക്കി കാത്തിരിക്കുമായിരുന്നു.പക്ഷേ അവർ വന്നില്ല.അപ്പോളവർ ആരോടെന്നില്ലാതെപറയും."അവർക്ക് ജോലി തിരക്കായിരിക്കും. അല്ലാതെന്നോട്ഇഷ്ട്ടല്ല്യാനിട്ടല്ല.."ഇപ്പാൾ ആധാരം തിട്ടപ്പട്ടുത്താൻ വന്നതാവും.പാറുക്കുട്ടിയമ്മയുടെ മകൾ തടിച്ചു. മകന്റെ രണ്ടു മൂന്നു മുടി നരച്ചിട്ടുണ്ട്. ഇവരാക്കെ മാറിയിരിക്കുന്നു. മാറ്റല്ല്യങ്കിലെ സംശയം വേണ്ടൂ ആറ് കൊല്ലായില്ലേ.ഇവരാക്കെ മാറിയിരിക്കുന്നു. അവളുടെ സംശയം വെറുതെയായില്ല .പാറുക്കുട്ടിയമ്മ യുടെചിതയടങ്ങിയില്ല.അവർ ആധാരം തിരഞ്ഞു.ആധാരം കണ്ട പാറുക്കുട്ടിയമ്മയുടെ മകനൊന്ന് ഞെട്ടി. "അമ്മയുടെ സ്വത്ത് കണ്ട വേലക്കാർ വീതിച്ചിട്ടാ അമ്മ മരിച്ചേ.. വാ നമ്മുക്ക് പോകാം ഇനിയെന്തിനു നിൽക്കുന്നു.""ഈ അമ്മയ്ക്ക് വട്ടായിരുന്നോ"മകൾ ഈർഷ്യം പ്രകടിപ്പിച്ചു.

അന്ന് അവർ എല്ലാവരാടും കയർത്ത് സംസാരിച്ചു. ഉള്ളിലെ രാഷം അടങ്ങുവോളം ജോലിക്കാരെ ശകാരിച്ച പിന്നെ അധികംതാമസിയാതെ അവർ തിരിച്ചു പായി. പാറുക്കുട്ടിയമ്മയുടെ വേർപ്പാടിലേറെ ദുഃഖിച്ചത് ജാനുവായിരുന്നു.

"നല്ലയജമാനത്തി ഇങ്ങനയാവണം". എന്നാരോ പറയുന്നത് അവൾ കേട്ടു.പതിയെ വീട് പഴയതുപാലെ ശാന്തമായി പക്ഷേ പാറുക്കുട്ടിയമ്മ വലിയാരു നഷ്ട്ടമായി  തന്നെ നിന്നു...........

Ziya.k 9D

# വീട്ടിലൊരു കൃഷിപാഠം

വീടൊരു വിദ്യാലയമായി കോവിഡ് സാഹചര്യത്തിൽ കൊടുവള്ളി ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ഇക്കോ ക്ലബ്ബിലെ ഒരു പാഠനപ്രവർത്തനമായിരുന്നു ,

" വീട്ടിലൊരു കൃഷിപാഠം".
ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾ ചുറ്റുപാടിനെ നിരീക്ഷിക്കുകയും വിത്ത് മുതൽ വിപണി വരെയുള്ള കാര്യങ്ങൾ കർഷകരോട് ചോദിച്ചറിയലും ഉൾപ്പെടുന്നു.പാഠഭാഗങ്ങളിലെ കൃഷി പഠനത്തിന്റെ പ്രായോഗികതലങ്ങൾ മനസ്സിലാക്കാനുള്ള പരീക്ഷണ പ്ലോട്ടായി കുട്ടികളുടെ കൃഷിസ്ഥലം മാറി.

അറിവും അനുഭവവും ചേരുമ്പോയാണല്ലോ അതിന് ഒരു പൂർണ്ണത കൈവരിക്കുക.വീട്ടിലൊരു കൃഷിപാഠത്തിൽ ഒരുപാട് കാര്യങ്ങൾ കുട്ടികൾ മനസ്സിലാക്കി.നിലമൊരുക്കൽ, വിത്ത് മുളപ്പിക്കൽ,ചെടിയുടെ ഓരോ ഘട്ടത്തിലുമുള്ള വളർച്ച, ജൈവവള പ്രയോഗ രീതികൾ, ജൈവ കീടനാശിനികളുടെ ഫലപ്രദമായ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞുവെന്നത് ഈ പദ്ധതിയുടെ പ്രയോജനമാണ്.

ഇക്കോ ക്ലബ്

**ജി. എച്ച്. എസ്. എസ് കൊടുവള്ളി**

## സ്നേഹം

ഇവിടെ സ്നേഹിച്ചതാദ്യമായി ആരെ ഞാൻ...?

മിഴികളിൽ ചുണ്ടു ചേർത്തൊരെന്നമ്മയെ...

കവിത ചൊല്ലി പഠിപ്പിച്ചൊരച്ഛനെ... വഴിയൊരുക്കുവാൻ വന്ന ഗുരുവിനെ...

ഇവിടെ സ്നേഹിച്ചതാദ്യമായി എന്തിനെ..?ചുവടുതാങ്ങിത്തുണച്ചൊരീ മണ്ണിനെ...

പിറവിയോടൊത്തു കണ്ട് നഭസ്സിനെ...

മധുരമൂറും മനുഷ്യവചസ്സിനെ...

കിളികൾ വാഴ്ത്തുന്ന മുഗ്ധരാഗത്തിനെ...

കുളിരുചൂടുന്ന സുപ്രഭാതത്തിനെ...

ഹൃദയരാഗം ചുവപ്പിച്ച സന്ധ്യയെ...

ഇരുളു നീക്കുന്ന സൗവർണസൂര്യനെ...

അഴകിൽ മുങ്ങിയോരിന്ദ്രധനുസ്സിനെ...

അലിവുകാട്ടുന്ന കാർമേഘപാളിയെ...

നിഴൽ നിരത്തുന്ന നിശ്ശബ്ദരാത്രിയെ...

അഴലകറ്റുവാനെത്തും പകലിനെ...

Sana sherin.k
**9B**

# IN A TRAIN ON A RAINY DAY

Our train roared past hills and valleys
Whizzing through rain - soaked fields
Whistling pass ruined villages
Gunning down rainy orchard
Snaking through smoky towns
In the western sky over the emarald field
I glimpsed a rainbow
Could i but grab it
What a fine garland won't it make?
Soon the sky dropped its black curtains
In the sky i espied no stars
And no forlorn moon
But only the blanket on heavy despair
And dark forebodings
This is but the other side of rainbow filled day
My heart whispered as my eyes dropped

Hiba Fathima .E

**9D**

## ലിറ്റിൽ കൈറ്റ്സ് പ്രധാന പ്രവർത്തനങ്ങൾ

2020

കോവിഡ് കാലമായതിനാൽ എല്ലാ പ്രവർത്തനങ്ങളും ഓൺലൈനിലൂടെയാണ് നടത്തിയത്.

ഓണം ,അധ്യാപക ദിനം, ലഹരിവിരുദ്ധ ദിനം തുടങ്ങിയ വിവിധ ദിനാഘോഷങ്ങളുടെ ഭാഗമായി
കുട്ടികൾ ഷോർട്ട് വീഡിയോ തയ്യാറാക്കി.

2021

വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് കുട്ടികൾ പോസ്റ്ററുകളും വീഡിയോ സും തയ്യാറാക്കി.

എസ്എസ്എൽസി വിജയികളെ ട്രോഫി നൽകി അനുമോദിച്ചു.

ലിറ്റിൽ കൈറ്റ്സ് സബ്ജില്ലാ ജില്ലാതല ക്യാമ്പുകളിലേക്ക് സെലക്ഷൻ ലഭിച്ച വിദ്യാർത്ഥികളെയും അനുമോദിച്ചു.

2022

സ്കൂൾ പ്രവേശനോത്സവത്തിനായി കുട്ടികൾ സംസാരിക്കുന്ന ഒരു റോബോട്ടിനെ ഉണ്ടാക്കി.
കൊറോണകാരണം നിർത്തിവെച്ച സ്കൂൾ റേഡിയോ മാംഗോ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു.

**...ഹാപ്പി മദേർസ് ഡേ..**

വൃത്തിഹീനമായ അമ്മയെ

വൃത്തിയാക്കീടുവാൻ

വേലക്കാരിയെ ശകാരിച്ചിട്ടു-

ന്നേരം....

തൻ മകനേയും കൂട്ടി

സെൽഫിയിലാക്കിയവർ

കുറിക്കുന്നു മീഡിയയിൽ

"ഹാപ്പി മദേർസ് ഡേ"

എന്തിനു സംശയം

ആവർത്തിച്ചിടുന്നു തലമുറയിൽ

.....സിയ 9d

## കവിത

പൂക്കുന്നിത മുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ പൂവാൽ
ചോക്കുന്നു കാടന്തി മേഘങ്ങൾ പോലെ
എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു
കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പൂണേറെയുത്സാഹമുൽകൊണ്ടിവയ്ക്കെ-
ന്തോണം
വെളിക്കുന്നുഷസ്സോയിതെല്ലാം?
പാടങ്ങൾ പൊന്നിൻ നിറംപൂണ്ടു
നീളെപ്പാടിപ്പറന്നെത്തിയീ തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കുടർന്ന ദിക്കോർത്തു വാനിൽ
ചന്തം ധരയ്ക്കേറയാ...യ് ചന്തം ധരയ്ക്കേറയാ...യ് ശീതവും പോയ്
അന്തിക്ക്  പൂങ്കാവിലാളീറെയായി

Shelha shameer
9B

# QUOTES ABOUT TECHNOLOGY

"It has become appalingly obvious that our technology has exceeded our humanity"
_Albert einstein

”i do not fear computers. I fear lack of them"
_Issac asimov

"Never trust a computer you can't throw out a window"
_Steve wozniak

"Technology is  best when it brings people together"
_Matt mullenweg

" what new technology does is create new opportunities to do a job that customers want done"
_Tim o reilly

"Technology like art is soaring exercise of the human imagination"
_Daniel bell

"Any sufficiently advanced technology is indistinguishable from magic"
_Arthur c.clarke

"The technology you use impresses no one.the experience you create with it is everything"
_Sean gerety

"Is not that we use technology.we live technology "
_ Godfrey reggio

"Technology is a useful servant but a dangerous master"
_christin lous lange.

(Fathima Farhana 9th c)

## അപ്പുവിന്റെ പെങ്ങൾ

പൊട്ടിയ ഓടിന് ഇടയിലൂടെ സൂര്യന്റെ ആദ്യകിരണങ്ങൾ മുറിക്കകത്ത് പരന്നു. അയലത്തെ പൂവൻകോഴി കോഴി കൂവി കൊണ്ടേയിരുന്നു.

"മോളേ ഗീതു നീ ഇതുവരെ ഉണർന്നില്ലേ? എന്തൊരു ഉറക്കമാ ഇത്". അമ്മ കമ്പിളി വലിച്ചെടുത്ത് കുടഞ്ഞു നടക്കുന്നതിനിടെ പറഞ്ഞു.

"അമ്മേ ഇന്ന് സ്കൂൾ ഇല്ലല്ലോ ഇത്തിരി കൂടെ ഉറങ്ങട്ടെ".

"നേരം എത്രയായെന്ന വിചാരം, എഴുന്നേറ്റെ"

ഗീതു മനസ്സില്ലാമനസ്സോടെ എഴുന്നേറ്റു കിളിവാതിലിലൂടെ പുറത്തേക്ക് നോക്കി.ദൂരെ കാണുന്ന മല പ്രദേശത്ത് എവിടെയോയാണ് അപ്പുവിനെ വീട്. ഇന്നെന്നെ കൂട്ടിക്കൊണ്ടു പോകാം എന്നേറ്റിട്ടാ ഇന്നലെ പള്ളിക്കൂടത്തിന് പിരിഞ്ഞത്.

"അമ്മേ ഇന്നെന്നെ അപ്പൂന്റെ വീട്ടിലേക് വിടണേ"."മ്മ്.... മോളുവന്ന് ഭക്ഷണം കഴിക്ക് " ടക്ക്... ടക്ക്... ശബ്ദമുണ്ടാക്കിയമ്മ കോണിപ്പടിയിറങ്ങിപ്പോയി.

വഴിയേ ഉമ്മിക്കാരിയുമായി അവൾ മുറ്റത്തെത്തി. മുത്തശ്ശൻ വഴിയിൽ കൃഷി പണിക്കു പോവാൻ തിടുക്കം കൂട്ടുന്നു. മുത്തശ്ശി പശുവിനെയും കിടാവിനെയും കുടിവെള്ളം ഇളക്കുന്നു ആർത്തിയോടെ കിടാവ് പത്രത്തിൽ തടയിടുന്നു.അച്ഛൻ പോയി കാണും അവൾ പല്ലുതേച്ചു. അടുക്കളയിൽ കടന്നു അവിടെ അമ്മായിയും ജാനു ഏടത്തിയും അമ്മയും തിരക്കിട്ട പണിയിലാണ്.ഉച്ചയ്ക്ക് എത്ര പേരെ തന്നെ തീറ്റണം.അവൾ അവൾക്കായി തയ്യാറാക്കി വെച്ചിരുന്ന കൊഴുക്കട്ടയും പാലുകുടിച്ചു കൈ കഴുകി ഉമ്മറത്തേക്ക് നടന്നു.

"ഏ്, ഗീതു ഇത്രവേഗം കഴിച്ചോ"

" കൊഴുക്കട്ടയവൾക്ക് ഇഷ്ടമാണ്അ തുകൊണ്ടാ". ചാരുപടി മേൽ കളിക്കൂട്ടുകാരന് വേണ്ടിയാ പത്തു വയസ്സുകാരി കാത്തിരുന്നു.

മുറ്റത്തെ പത്തു മണി പൂക്കൾ പതിയെ വിരിഞ്ഞു വരുന്നേ ഉള്ളൂ.

മുറ്റത്തെ മണ്ണിൽ ചുവന്ന ചായം. മുത്തശ്ശി താമ്പൂളി മുറുക്കിതുപ്പിയ പാടാണ്.

അതാ...അപ്പു വരുന്നു. അവൾ അമ്മയോട് വിളിച്ചു പറഞ്ഞു കൊണ്ടോടി.

"അമ്മയെ താൻ അപ്പുവിന്റെ വീട്ടിൽ പോവാണേ".

മറുപടിക്ക് കാക്കാതെ അവൾ പടി ഇറങ്ങി ഓടി കിതച്ചു അപ്പുവിന്റെഅരികെയെത്തി.

" എത്ര നേരമായി ഗീത കാത്തുനിൽക്കുന്നു അപ്പുനറിയോ".

" ഞാൻ നടന്നാവന്നെ അല്ലാതെ വണ്ടീലല്ല".

വയൽ വരമ്പിലൂടെ നടന്ന് ഇടവഴിയിലേക്ക് പ്രവേശിച്ച് തോട്ടിൽ മീൻ പിടിച്ച്, മൈതാനത്തു കളിക്കുന്ന കുട്ടികളെ നോക്കി നിന്ന്, തുമ്പിയെ കൊണ്ട് കല്ലെടുപ്പിച്ച്. വഴിയിൽ വിശ്രമിച്ച കുന്നിറങ്ങി കയറിയങ്ങനെയങ്ങനെ കുറെ ദൂരം താണ്ടി അവളെ ഏതാണ്ട് എത്തി.

" ദേ അക്കാണുന്ന വീടിനു പിറകിൽ ആണ് എന്റെ വീട് മൂന്ന് പറമ്പ് അപ്പുറത്ത്". അപ്പു ചൂണ്ടിയ ദിശയിലേക്ക് അവൾ മിഴിച്ചുനോക്കി.

"വാ... ഇതിലെ ഈ കല്ലിൽ ചവിട്ടിക്കോ വഴികാട്ടിയെ പോലെ അപ്പു മുമ്പിലും ഗീതു പിറകിലും ആയവർ വീട്ടിൽ മുമ്പിലെത്തി. പൂച്ചട്ടിയിൽ നിന്നും താക്കോലെടുത്ത് "ഞാൻ ഗീതുവിന് ഒരാളെ പരിചയപ്പെടുത്തി തരാം അവർ മുറിയിൽ പ്രവേശിച്ചു". ഒറ്റമുറി ഒരുകോണിൽ നാല് ഇഷ്ടിക കട്ട വെച്ച് അതിനു മുകളിൽ പലക വെച്ച് അപ്പു ഉണ്ടാക്കിയ അപ്പൂന്റെ സ്വന്തം പഠനസ്ഥലം അരികെ എരിഞ്ഞുതീർന്ന ഒരു

മെഴുക്.പെട്ടന്ന് അവളുടെ കണ്ണുകൾ മറ്റുവശത്ത് പായയിൽ കിടക്കുന്ന കുഞ്ഞ് ശരീരത്തിലേക് തിരിഞ്ഞു. തന്റെ നഗ്നത മറക്കുവാനായി പായയിൽ ചുരുണ്ട് കിടക്കുന്നു."ഇതാണ് എന്റെ പെങ്ങൾ ലില്ലി".

"ലില്ലി ഇതെന്റെ കൂട്ടുകാരിയാട്ടോ".അപ്പ അവരെ പരസ്പരം പരിചയപ്പെടുത്തി. "ഏട്ടാ... ഇവർക്ക് കൊടുക്കാൻ എന്റെ പേരമരത്തിൽ വല്ല പേരയും കടാതിൽ ബാക്കിവെച്ചിട്ടുണ്ടോ?"

മൂന്ന് പാത്രവും രണ്ട് കയിലും അപ്പൂന്റെ യൂണിഫോമും അങ്ങനെ വിരലിലെണ്ണാവുന്നതെ ആ വീട്ടിലുണ്ടായിരുന്നുള്ളൂ. പെട്ടന്നവളുടെ കൺപീലികൾ നനഞ്ഞു. അപ്പ കാണാതിരിക്കാൻ പാവാട തലപ്പത്ത് അവൾ അത് ഒപ്പിയെടുത്തു. അവൾ പതിയെ മുറ്റത്തിറങ്ങി. അപ്പ പേരമരത്തിൽ വലിഞ്ഞുകയറി പേരകയൊക്കെ ഇട്ടുകൊടുത്തു. ആദ്യ കടിയിൽ തന്നെ അപ്പുവിനെ ജീവിതംപോലെ ആ മധുര പേരക്കക്കും ചവർപായവൾക്ക് തോന്നി.

"അപ്പ ഞാനിറങ്ങട്ടെ, അമ്മ വൈകിയാൽ വഴക്ക് പറയും. അനിയത്തിയോട് പറഞ്ഞേക്ക്". ശെരി പിന്നെ കാണാം.

അന്ന് രാത്രി അച്ഛൻ വന്നപ്പോഴും ആ കളിപ്പാട്ടം കൊണ്ടുവന്നില്ല. എന്നാൽ പതിവിൽ നിന്നും വ്യത്യസ്തമായവൾ അതിനെ കുറിച്ച് ഒന്നും ചോദിക്കാതെ പടി കയറി മുകളിലെ മുറിയിലേക്ക് പോയി.

എന്റെ ഗീതുവിന് ഇതെന്തുപറ്റി സാധാരണ ഇതിനിവിടെ ഒരു യുദ്ധം നടക്കുമായിരുന്നു .


രാത്രിയുടെ ഏതോയാമത്തിൽ അവൾ മെല്ലെ നിദ്രയിലേക്ക് വഴുതി വീണു.

(സിയ.കെ )

## അപൂർണം

വരച്ചു തുടങ്ങിയിരുന്നതേയുള്ളൂ
വേണമെന്നൊരു പക്ഷം
വേണ്ടെന്ന മറുപക്ഷം ഒടുവിൽ ദൈവമിടപ്പെട്ടു - തുടങ്ങി
ആദ്യത്തെ ലക്ഷ്യം കണ്ടായിരുന്നു
തെളിഞ്ഞ ആകാശവും നിറച്ചാർത്തും
മനസ്സിലേക്കാവാഹിച്ച്,
വിരൽത്തുമ്പിലെത്തിക്കുന്ന കണ്ണ്
പിന്നെ മൂക്കും മുഖവും കോരിയിട്ടു
എപ്പോഴോ കണ്ടു
മുഖം തീരെ അവ്യക്തമാണ്
പിന്നെ വഴിയൊന്നു മാറ്റി
ഇനി തായെ നിന്നാവാം
കാലുകൾ തെളിഞ്ഞു തുടങ്ങി
വീണ്ടും എന്തോ അവ്യക്തത
ഇതിൻറെ ഗതി എങ്ങോട്ടാണ്?
ഇടത്തോട്ടോ, വലത്തോട്ടോ?
അതോ പിന്നിലേക്കോ...?
സംശയം ബാക്കി
അങ്ങുമിങ്ങും അറ്റുവീണ
ഈ ചിത്രമിങ്ങനെ
വര എനിക്കു ചേർന്നതല്ല,
ഇവിടെ നിർത്താം
അപൂർണ്ണങ്ങൾക്ക് വിലയേറുമല്ലോ...?

# വരകളിലൂടെ































വര...ആദില നജ













വര...ആദില നജ


Ananth krishna k k
8-E


Ananth krishna k k
8-E











വര ഫിദ പി

## 2020-2023 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

1)അലൻ മിത്രു. ആർ. സി

2)നജ ഫാത്തിമ

3)ഷെൽഹ ഷമീർ. കെ. കെ

4)മുഹമ്മദ് സിയാജ്.കെ.കെ

5)അഫ്ലഹ്. പി. കെ

6)ഫാത്തിമ ശിഫ. എം

7)മുഹമ്മദ് സഹൽ

8)ഫാത്തിമ ലിൻഷാ.ടി. കെ

9)സിയ. കെ

10)ഫാത്തിമ ഫർഹാന. എ. വി

11)സന ഷെറിൻ. കെ

12)അനാമിക

13)ആയിഷ നഫ

14)ഫാത്തിമ ഫഹ്മിത. വി. കെ

15)ശില്പ ജാസ്. വി. പി

16)അദ്നാൻ. വി. പി

17)ആയിഷ ധാനിയ. കെ. പി

18)മുഹമ്മദ് ആദിൽ

19)കദീജ മിൻഹാ. പി. സി

20)അഫ്ലഹാ നൗറിൻ. കെ

21)റിത ഫാത്തിമ. ടി. കെ

22)മിൻഹ ഫാത്തിമ. കെ

23)നിദ ഫാത്തിമ. കെ. പി

24)മുഹമ്മദ് അസ്ലാദ്. പി

25)മുഹമ്മദ് സഹൽ. എം. എം

26)സന ശർബി

27)ഹിബ മിസ്രിയ. എ. പി

28)മുഹമ്മദ് ഇർഷാദ്. കെ

29)ഫാത്തിമത്തു സുഹറ. പി. പി

30)ഫാത്തിമ തന്ന. സി. കെ

31)റിസ്‌ല. ഇ. കെ

32)ഫാത്തിമ റിഫ. ആർ. സി

33)ദിൽഫ ഫാത്തിമ. പി

34)അശ്വിൻ. എസ്

35)ഹാനി അജ്മൽ

36)മുഹമ്മദ് നിജാദ്. എം. കെ

37)അഭിജിത്ത്. പി

38)ഫാത്തിമ മിസ്രിയ

39)മുഹമ്മദ് ഫായിസ്

40)അതുൽ രാജേഷ്



# നന്ദി

ഞങ്ങളുടെ ഈ എളിയ ഉദ്യമത്തിന് കൂടെ നിന്ന് സഹായിച്ച എല്ലാ അധ്യാപകർക്കും കൂട്ടുകാർക്കും സ്നേഹത്തിന്റെയും നന്ദിയുടെയും ഒരായിരം പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

